**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5660** **16-03-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്നതിന്റെ വിശദാംശം റീച്ചുകൾ തിരിച്ച് ലഭ്യമാക്കുമോ; | (എ) | പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി 7.86 കി.മീ. നീളമുള്ള കൊല്ലംതോടിനെ പ്രവൃത്തി സൗകര്യാർത്ഥം 6 റീച്ചുകളായി തിരിച്ചിരുന്നു.<br><br>റീച്ച്-1– ഇരവിപുരം ബോട്ടുജെട്ടി മുതൽ ഇരവിപുരം പാലം വരെ<br><br>റീച്ച്-2– ഇരവിപുരം ബോട്ടുജെട്ടി മുതൽ കച്ചിക്കടവ് വരെ<br><br>റീച്ച്-3– കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെ<br><br>റീച്ച്-4– ജലകേളീകേന്ദ്രം മുതൽ പള്ളിത്തോട്ടം വരെ<br><br>റീച്ച്-5– പള്ളിത്തോട്ടം മുതൽ കല്ലുപാലം വരെ<br><br>റീച്ച്-6– കല്ലുപാലം മുതൽ അഷ്ടമുടി മൗത്ത് വരെ<br><br>റീച്ച് 1, 4, 5 എന്നിവയുടെ പ്രവൃത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC)-നെ ഏൽപ്പിച്ചെങ്കിലും വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കാത്തതിനാൽ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. നിലവിൽ 1,4,5 റീച്ചുകൾ സഞ്ചാര യോഗ്യമാണ്. റീച്ച് 2 ന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും സഞ്ചാര യോഗ്യവുമാണ്. റീച്ച് 3-ൽ 2.583 കി.മീ. നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിനായി സൈറ്റ് 04/06/2018-ൽ കൈമാറിയെങ്കിലും കരാറുകാരൻ കേവലം 20% പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചുള്ളൂ എന്നതിനാൽ കരാറുകാരനെ അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനഃക്രമീകരിക്കുകയും ചെയ്തു. അതിൻ പ്രകാരമുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ | (ബി) | കൊല്ലം തോട് റീച്ച് 3 ന്റെ പ്രവൃത്തി |

| | | | |
|---|---|---|---|
| | അനിശ്ചിതമായി നീളുന്നതിനാൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | പുരോഗതിയിലാണ്. ടി. റീച്ച് ഒഴികെ മറ്റ് റീച്ചുകൾ സഞ്ചാരയോഗ്യമാണ്. |

സെക്ഷൻ ഓഫീസർ